**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 956** **05/02/2020-ലെ മറുപടിയ്ക്ക്**

## താഴേക്കോട് - ആലിപ്പറമ്പ കുടിവെള്ള പദ്ധതി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | | ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന താഴേക്കോട് - ആലിപ്പറമ്പ കുടിവെള്ള പദ്ധതിക്ക് 28.75 കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിന് പുതുക്കിയ നിർദ്ദേശം സമർപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റിയ്ക്ക് സർക്കാർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; | (എ) ബി) സി) & ഡി) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ താഴേക്കോട്-ആലിപ്പറമ്പ കുടിവെള്ള പദ്ധതിയെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാർ നിർദേശം നൽകിയെങ്കിലും അതിനുമുമ്പുതന്നെ പ്ലാൻ ഹെഡിലുള്ള പദ്ധതികൾ എല്ലാംതന്നെ കേരള വാട്ടർ അതോറിറ്റി സർക്കാരിൽ സമർപ്പിക്കുകയും അവയ്ക്ക ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. എന്നാൽ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2019-20 സ്റ്റേറ്റ് പ്ലാനിൽ ഭരണാനുമതി ലഭിച്ച 155.77 കോടി രൂപയുടെ പദ്ധതികൾ റദ്ദ് ചെയ്തിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പദ്ധതി ഭരണാനുമതിയ്ക്കായി സമർപ്പിച്ചില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കാവുന്നതാണ്. |
| ബി) | ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെ ആയത് സമർപ്പിയ്ക്കാത്തതെന്ന് വ്യക്തമാക്കുമോ; | | |
| സി) | ഈ വിഷയത്തിൽ ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടും സമയബന്ധിതമായി ശുപാർശ സമർപ്പിയ്ക്കാത്തത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | | |
| ഡി) | പ്രസ്തുത ഭരണാനുമതി അടിയന്തരമായി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ